DESPATCHED
On. 27/06/2020
21.3.20.

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP. 2395(*2)/2018*/എസ്.ഐ.സി.**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 12801/എസ്.ഐ.സി-ജി 6/18

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ.കെ.പി.വർക്കി
കൊളമ്പേൽ
തട്ടേക്കാട് പി.ഒ
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സെക്രട്ടറി
കീരംപാറ ഗ്രാമപഞ്ചായത്ത്
കീരംപാറ പി.ഒ
2. അപ്പീൽ അധികാരി ആന്റ്
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
എറണാകുളം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 28.04.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 23.05.2018 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 21.06.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 26.07.2018 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 25.10.2018 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 12.11.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 06.04.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 20.04.2019, 24.02.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 02.03.2020, ബാങ്കറ്റ് ഹാൾ ഗസ്റ്റ് ഹൗസ്, എറണാകുളം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ ഭാഗീകവും നിയമവിരുദ്ധവുമായ മറുപടിയാണ് ലഭ്യമായതെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 28.04.2018–ാം തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഇനം 1 ൽ 03.06.2017 ലെ പഞ്ചായത്ത് യോഗത്തിന്റെ നോട്ടീസ്, മിനുട്ട്സ് ബുക്ക്, തീരുമാന രജിസ്റ്റർ ഇവയിൽ അജണ്ടയിലെ 1–ാമത് വിഷയം വ്യത്യസ്തമായി രേഖപ്പെടുത്തിയിരിക്കുന്നത് എന്താണെന്നും, ഇനം 2 ൽ തീരംപാറ ഗ്രാമപഞ്ചായത്തിലെ പി1/2017 എന്ന ഫയലിന്റെ പകർപ്പ് നൽകണമെന്നും തുടങ്ങി 6 ഇനങ്ങളിലും ഉപഇനങ്ങളിലുമായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്.
3. മേൽപ്പടി അപേക്ഷയ്ക്ക് 23.05.2018 ന് എസ്.പി.ഐ.ഒ മറുപടി നൽകുകയും ടി മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് ഹർജിക്കാരൻ 21.06.2018 ന് അപ്പീൽ നൽകുകയും 26.07.18 ന് അപ്പീലധികാരി മറുപടി നൽകുകയും ചെയ്തു. ആയതിൽ ഹർജിക്കാരൻ ആക്ഷേപം ഉന്നയിച്ചവയിൽ മറുപടികൾ പുനപരിശോധിച്ച് വ്യക്തമായ മറുപടി തയ്യാറാക്കി 15 ദിവസത്തിനുള്ളിൽ അപ്പീൽവാദിക്ക് അയച്ചു നൽകാൻ എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകി അപ്പീൽ തീർപ്പാക്കുന്നുവെന്നാണ് അറിയിച്ചത്.
4. 24.02.2020 ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരൻ നൽകിയ അപേക്ഷയിലെ 1,3 ഇനങ്ങൾക്ക് മറുപടി നൽകിയെന്നും യോഗ മിനുട്ട്സ്, നോട്ടീസ്ബുക്ക്, തീരുമാന രജിസ്റ്റർ എന്നീവയുടെ പകർപ്പുകളും പരിശോധിക്കാവുന്നതും പകർപ്പ് എടുക്കാവുന്നതുമാണെന്നും, ഇനം 2ന് ബാധകമായ ഫയൽ പഞ്ചായത്തിൽ ഇല്ലാത്തതും ടിം രൂപീകരിച്ചു അന്വേഷണം നടത്തിയിട്ടും കിട്ടിയിട്ടില്ലാത്തതുമാണെന്നും ഇക്കാര്യം അപേക്ഷകനെ അറിയിച്ചിട്ടുള്ളതുമാണെന്നും, 4,5 എന്നിവയ്ക്കും 6 നും ഉപചോദ്യങ്ങൾക്കും മറുപടി നൽകിയിട്ടുണ്ടെന്നും അപേക്ഷകന്റെ എ.പി 2429(1)/2017/എസ്.ഐ.സി–18.06.2019 നും എ.പി.23(3)/2018/എസ്.ഐ.സി23.06.2018 നും കമ്മീഷൻ തീർപ്പുകൽപിച്ചിട്ടുള്ളതാണെന്നും ബോധിപ്പിച്ചു.
5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും ഹർജിക്കാരൻ നൽകിയ അപേക്ഷയ്ക്ക് ടി ഓഫീസിൽ ലഭ്യമായ കാര്യങ്ങൾ നൽകിയിട്ടുണ്ടെന്ന് കമ്മീഷന് ബോധ്യപ്പെടുകയും, ചീഫ് കമ്മീഷണറുടെ ഉത്തരവ് പ്രകാരം ഹർജിക്കാരന്റെ ടി വിഷയവുമായി ബന്ധപ്പെട്ട ഫയൽ തീർപ്പാക്കി കണ്ടതിനാലും ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേ ദിവസം 2020 മേയ് 21–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

res